**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - അനുമതിയില്ലാതെ രണ്ടു കമ്പ്യൂട്ടറുകൾ അധികം വാങ്ങിയ എടപ്പറ്റ ഗ്രാമപഞ്ചായത്തിന്റെ നടപടി സാധൂകരിച്ച് ഉത്തരവു പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഐബി) വകുപ്പ്

സ.ഉ. (സാധാ) നം. 1143/2012/തസ്വഭവ. തിരുവനന്തപുരം, തിയതി, 17.04.2012

പരാമർശം:- 1. സ.ഉ. (സാധാ) നം. 1972/11/തസ്വഭവ തിയതി, 22.08.2011.

2. എടപ്പറ്റ ഗ്രാമപഞ്ചായത്തു പ്രസിഡന്റിന്റെ 15.11.2011 ലെ കത്ത്.

**ഉത്തരവ്**

പരാമർശം (1) ലെ ഉത്തരവു പ്രകാരം 9 എണ്ണം വരെ കമ്പ്യൂട്ടറുകൾ വാങ്ങാൻ ഗ്രാമപഞ്ചായത്തുകൾക്ക് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. എടപ്പറ്റ ഗ്രാമപഞ്ചായത്തിൽ സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണത്തിനായി സർക്കാർ അനുമതി ഇല്ലാതെ 11 കമ്പ്യൂട്ടറുകൾ വാങ്ങിയ നടപടി സാധൂകരിച്ച് നൽകണമെന്ന് പരാമർശം (2) ലെ കത്തിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അഭ്യർത്ഥിച്ചിരുന്നു.

എടപ്പറ്റ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ ആവശ്യം സർക്കാർ വിശദമായി പരിശോധിച്ചു. കമ്പ്യൂട്ടർ വാങ്ങുന്നതിന് 2011 - 12 സാമ്പത്തിക വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി ഡി പി സി അംഗീകാരം വാങ്ങിയിട്ടുള്ള സാഹചര്യത്തിലും ഇൻഫർമേഷൻ കേരള മിഷൻ മുഖേനയാണ് കമ്പ്യൂട്ടർവൽക്കരണം നടപ്പിലാക്കിയിട്ടുള്ളത് എന്നത് കണക്കിലെടുത്തും സർക്കാർ അനുമതിയില്ലാതെ രണ്ടു കമ്പ്യൂട്ടറുകൾ അധികം വാങ്ങിയ എടപ്പറ്റ ഗ്രാമപഞ്ചായത്തിന്റെ നടപടി സാധൂകരിച്ച് ഉത്തരവു പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

എം. ഷാഹുൽ ഹമീദ്
അണ്ടർ സെക്രട്ടറി

പ്രസിഡന്റ്, എടപ്പറ്റ ഗ്രാമപഞ്ചായത്ത് , മലപ്പുറം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ , ഇൻഫർമേഷൻ കേരള മിഷൻ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ